ഇ.മെയിൽ: 'dmekerala@gmail.com'
ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 2528575
2442126
ഡയറക്ററർ :2444011

കേരള സർക്കാർ
**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**മെഡിക്കൽ കോളേജ്. പി.ഒ,**
തിരുവനന്തപുരം - 695 011

~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

നം: ബി6 /35205/2014/ഡി.എം.ഇ. തീയതി: 23/9/2014

# വിജ്ഞാപനം

2013-2014 വർഷത്തെ എം.എസ്.സി. നഴ്സിംഗ് കോഴ്സിന് സംസ്ഥാനത്തെ സർക്കാർ നഴ്സിംഗ്കോളേജുകളിലും സർക്കാർ അംഗീകൃത സ്വാശ്രയ നഴ്സിംഗ് കോളേജുകളിലും ഏതാനും സർക്കാർ മെരിറ്റ് സീറ്റുകൾ ഒഴിവുണ്ട്. ആലപ്പുഴ നഴ്സിംഗ് കോളേജിൽ കമ്മ്യൂണിറ്റി നഴ്സിംഗ് വിഭാഗത്തിൽ ഒരു സീറ്റും തൃശ്ശൂർ നഴ്സിംഗ് കോളേജിൽ ഒ ബി ജി വിഭാഗത്തിൽ ഒരു സീറ്റും ഒഴിവുണ്ട്. ആയതിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ 25/9/2014 ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള പഴയ ആഡിറ്റോറിയത്തിൽ വച്ച് രാവിലെ 10.00 മണി മുതൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നു.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും ഹാജരാകാവുന്നതാണ്. വിവിധ കാരണങ്ങളാൽ മുൻ കൗൺസലിങ്ങിൽ ഹാജരായി സീറ്റ് ലഭിക്കാത്തവർക്കും, ഹയർ ഓപ്ഷൻ കൊടുത്തിട്ടുള്ളവർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്. അന്നേ ദിവസം അഡ്മിറ്റ് കാർഡും മറ്റ് ഒറിജിനൽ യോഗ്യതാ സർട്ടിഫിക്കറ്റുകളും, നൂറും അതിലധികവും കിടക്കയുള്ള ആശുപത്രിയിൽ ഒരു വർഷം സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും യോഗ്യതാസർട്ടിഫിക്കറ്റ് നേടിയവർ കേരളത്തിലെ സർവ്വകലാശാലയിൽ നിന്നും നേടിയിട്ടുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. സംവരണ വിഭാഗത്തിൽപ്പെട്ട അപേക്ഷാർത്ഥികൾ ജാതി, വരുമാന സർട്ടിഫിക്കറ്റുകളുടെ അസലും ഹാജരാക്കേണ്ടതാണ്. അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ അന്നേ ദിവസം തന്നെ ഫീസും അടയ്ക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് **www.dme.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഒപ്പ്**
**ഡയറക്ടർക്കുവേണ്ടി.**

പകർപ്പ് :
1. ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
2. ന്യൂസ് എഡിറ്റർ, ആകാശവാണി/ദൂരദർശൻ,തിരുവനന്തപുരം/കോഴിക്കോട്
3. പ്രിൻസിപ്പാൾ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/ തൃശ്ശൂർ/കോഴിക്കോട്
4. ഡി.എം.ഇ./ ജെ.ഡി.എം.ഇ(ജി)/ ജെഡിഎംഇ(എം) എന്നിവരുടെ സി.എ. മാർക്ക്.
5. സാർജന്റ്/നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

എസ്സാർജെ.23/9/14
~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~